പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 353 08.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ തപാൽ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഹെഡ് ഓഫീസ്, സബ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന തപാലുകൾ രജിസ്റ്റർ ചെയ്ത് നമ്പർ നൽകാറുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | എല്ലാ തപാലുകളിലും നമ്പർ രേഖപ്പെടുത്തിയല്ല വിവിധ സെക്ഷനുകളിലേക്ക് നൽകുന്നത്. തപാൽ സെക്ഷൻ കമ്പ്യൂട്ടറൈസ് ചെയ്യുവാനും എല്ലാ തപാലുകളും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ തപാലുകളും നമ്പറിട്ട് നൽകുവാനും കൃത്യത ഉറപ്പാക്കുവാനും കഴിയുന്നതാണ്. |
| (ബി) | കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ടില്ലെന്നതുകൊണ്ടാണോ തപാൽ രജിസ്റ്റർ ചെയ്യാത്തതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | കത്തുകളും, പരാതികളും മറ്റു തപാലുകളും ഏത് വിധത്തിലാണ് തീർപ്പാക്കിയതെന്ന് കണ്ടെത്തണമെങ്കിൽ രജിസ്റ്റർ ചെയ്ത നമ്പർ ഉണ്ടായിരിക്കണമെന്നതിനാൽ എല്ലാ പേപ്പറുകളും ഏതെങ്കിലും സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തു നമ്പർ നല്കണമെന്ന് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ